# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 10 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

### അപ്പവും അരവണയും ഇനി പമ്പയിലും

പമ്പയിൽ അപ്പം-അരവണ കൗണ്ടറുകൾ തുറന്നു. പമ്പ ഗണപതി ക്ഷേത്രത്തോട് ചേർന്ന് മൂന്ന് കൗണ്ടറുകളാണ് പ്രവർത്തനം തുടങ്ങിയത്. രണ്ട് കൗണ്ടറുകളിൽ പണം നൽകിയും ഒരു കൗണ്ടറിൽ കാർഡുപയോഗിച്ചും അരവണ വാങ്ങാം.

തിരക്ക് കൂടുന്നതനുസരിച്ച് കൂടുതൽ കൗണ്ടറുകൾ തുറക്കാനാണ് ദേവസ്വം ബോർഡ് ആലോചിക്കുന്നതെന്ന് ശബരിമല എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചു. അടുത്ത ഘട്ടത്തിൽ ഓൺലൈൻ വഴി മുൻകൂട്ടി ബുക്ക് ചെയ്യുന്ന അയ്യപ്പൻമാർക്ക് അപ്പവും അരവണയും ലഭ്യമാക്കാനുള്ള സൗകര്യവും ഒരുക്കും. സന്നിധാനത്ത് നിലവിലുള്ള കൗണ്ടറുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടില്ല. സന്നിധാനത്ത് ലഭിക്കുന്ന അതേ വിലക്കാണ് പമ്പയിലും പ്രസാദം ലഭിക്കുക. അപ്പം പായ്ക്കറ്റിന് 35 രൂപയും അരവണ 80 രൂപയുമാണ് വില. പത്ത് ടിൻ അരവണയടങ്ങുന്ന പാക്കറ്റിന് 810 രൂപ നൽകണം. കൂടുതൽ അപ്പവും അരവണയും വാങ്ങി മടങ്ങാൻ ആഗ്രഹിക്കുന്ന ഭക്തർക്ക് ഭാരമില്ലാതെ മലയിറങ്ങാനാവും എന്നതും ഇതിന്റെ പ്രധാന നേട്ടമാണ്.

(പി.ആർ. ശബരി-152)

# മികച്ച പുസ്തകശേഖരവുമായി സന്നിധാനത്തെ ദേവസ്വം ബുക്സ്റ്റാളുകൾ

ആത്മീയതയും ഭക്തിയും ക്ഷേത്രാചാരങ്ങളും പ്രതിപാദിക്കുന്ന പുസ്തകങ്ങളുമായി സന്നിധാനത്തെ ദേവസ്വം ബുക്സ്റ്റാളുകൾ ശ്രദ്ധേയമാകുന്നു. ദേവസ്വംബോർഡിന്റേയും സ്വകാര്യ പ്രസാധകരുടേയും പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളുമാണ് ഇവിടെ ലഭിക്കുക. സന്നിധാനത്ത് നാല് സ്റ്റാളുകളും പമ്പയിൽ രണ്ട് സ്റ്റാളുകളുമാണ് പ്രവർത്തിക്കുന്നത്.

അയ്യപ്പന്റെ ചിത്രം ആലേഖനം ചെയ്ത ദേവസ്വംബോർഡിന്റെ ഡയറിക്ക് 150 രൂപയാണ് വില. അടുത്ത വർഷത്തെ മാസപൂജയുടെ വിവരങ്ങൾ, തീയതികൾ, മകരവിളക്കിന്റെ തീയതി തുടങ്ങിയ വിവരങ്ങൾ ഡയറിയിൽ നിന്ന് ലഭിക്കും. ശ്രീധർമശാസ്താ പഞ്ചാക്ഷരമാല അഞ്ച് ഭാഷകളിലായി ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട പ്രധാന ഫോൺ നമ്പരുകളുമുണ്ട്. 60 രൂപയുടെ പോക്കറ്റ് ഡയറിയും ലഭ്യമാണ്. ദേവസ്വം കലണ്ടറിന് 30 രൂപയാണ് വില.

ദേവസ്വംബോർഡ് മൂന്ന് വാല്യങ്ങളിലായി പ്രസിദ്ധീകരിച്ച 'തിരുവിതാംകൂറിലെ ക്ഷേത്രങ്ങൾ' എന്ന പുസ്തകത്തിനും 'രാമായണ'ത്തിനും ആവശ്യക്കാർ ഏറെയാണ്. 20 രൂപയാണ് ദേവസ്വം ബോർഡ് പ്രസിദ്ധീകരണമായ സന്നിധാനം മാസികയുടെ വില. ഒരു വർഷത്തേക്ക് 200 രൂപയും ആജീവനാന്ത വരിസംഖ്യ 4000 രൂപയുമാണ്. അഞ്ജലി എന്ന പേരിലുള്ള മനോഹരമായ ചുമർ ചിത്രങ്ങളുടെ സമാഹാരവും ബുക് സ്റ്റാളിലുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ വിൽപനയുമായി താരതമ്യം ചെയ്യുമ്പോൾ മൂന്ന് ലക്ഷം രൂപയുടെ വർധന വില്പനയിൽ ഉണ്ടായിട്ടുണ്ടെന്ന് അധികൃതർ പറഞ്ഞു.

(പി.ആർ. ശബരി–153)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 10 | 2019 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്–2


ഫോൺ : 04735–202664

ww.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

### തൃക്കാർത്തിക: ദീപപ്രഭയിൽ സന്നിധാനം

വൃശ്ചിക കാർത്തികയോട് അനുബന്ധിച്ച് സന്നിധാനം പ്രഭാപൂരിതമായി. സന്ധ്യയോടെയാണ് സന്നിധാനത്ത് കാർത്തിക ദീപം തെളിയിച്ചത്. അയ്യപ്പസന്നിധിയിലും മാളികപ്പുറത്തും ദീപം തെളിഞ്ഞതോടെ ഭക്തർ ശരണ മന്ത്രങ്ങളുമായി പതിനെട്ടാംപടി കയറി. ഫെസ്റ്റിവൽ ഓഫീസ്, ഇൻഫർമേഷൻ സെന്റർ തുടങ്ങി കൊപ്രാക്കളം വരെ ദീപങ്ങൾ തെളിഞ്ഞു. ഭക്തരും വിവിധ വകുപ്പുകളിലെ ജീവനക്കാരും ചിരാതുകളും കർപ്പൂരവും കത്തിച്ച് സന്നിധാനത്ത് ദീപപ്രഭ വിതറി.

(പി.ആർ. ശബരി–154)

### ശബരിമല തീർത്ഥാടകർക്കായി സ്വാമി ഹസ്തം ആംബുലൻസ് സർവ്വീസ്

***പദ്ധതി ഒരുക്കിയിരിക്കുന്നത് കേരള പൊലീസും ഐഎംഎ യും സംയുക്തമായി***

ശബരിമല തീർത്ഥാടകർക്കായി സ്വാമി ഹസ്തം ആംബുലൻസ് സേവനം ആരംഭിച്ചു. കേരള പോലീസ്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, രമേഷ് കുമാർ ഫൗണ്ടേഷൻ, സ്വകാര്യ ആംബുലൻസ് അസോസിയേഷൻ എന്നിവ സംയുക്തമായി ആരംഭിച്ച ട്രോമ റെസ്ക്യൂ ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിലാണ് ആംബുലൻസ് സേവനം ആരംഭിച്ചത്. പത്തനംതിട്ട എസ്പി ഓഫീസിൽ നടന്ന ആംബുലൻസ് സമർപ്പണ ചടങ്ങ് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് അഡ്വ. എൻ വാസു ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ജയദേവ്. ജി ആംബുലൻസിന്റെ ഫ്ളാഗ് ഓഫ് കർമ്മം നിർവഹിച്ചു.

രോഗികൾക്കും പ്രായമായവർക്കും ശബരിമലയിലേക്കും, തിരിച്ചും സുഗമമായ യാത്രയൊരുക്കുന്നതിനാണ് സ്വാമി ഹസ്തം ആരംഭിച്ചത്. പുനലൂർ, കൊട്ടാരക്കര, അടൂർ, പന്തളം, ചെങ്ങന്നൂർ, തിരുവല്ല, കോട്ടയം, എരുമേലി, റാന്നി, പത്തനംതിട്ട, കോന്നി, പമ്പ എന്നിവിടങ്ങളിലായി അമ്പതോളം ആംബുലൻസുകളുടെ സേവനം സ്വാമി ഹസ്തത്തിലൂടെ ലഭ്യമാകും. സേവനം ആവശ്യമുള്ളവർക്ക് അതത് പോലീസ് സ്റ്റേഷനുകളിലോ 9188 100100 എന്ന എമർജൻസി ആംബുലൻസ് നമ്പറിലേക്കോ വിളിച്ചു ബുക്ക് ചെയ്യാവുന്നതാണ്.

ട്രോമ റെസ്ക്യു ഇനിഷ്യേറ്റിവ് സംസ്ഥാന ചെയർമാൻ ഡോ ശ്രീജിത്ത് എൻ കുമാർ ചടങ്ങിൽഅദ്ധ്യക്ഷത വഹിച്ചു. ഐ.എം.എ ഡിസ്ട്രിക് ചെയർമാൻ ഡോക്ടർ ബിലെ ഭാസ്കർ, ടി.ആർ.ഐ സംസ്ഥാന കോർഡിനേറ്റർ ഡോ. ജോൺ പണിക്കർ, ഐ.എം.എ പത്തനംതിട്ട ജില്ലാ പ്രസിഡന്റ് ഡോ തോമസ് മാത്യു, കെ.എ.ഡി.റ്റി.എ, എ.ഒ.ഡി.എ എന്നീ സ്വകാര്യ ആംബുലൻസ് സംഘടനകളുടെ പ്രതിനിധികളും പങ്കെടുത്തു. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കനകക്കുന്നിൽ വെച്ച് ദേവസ്വംമന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ചിരുന്നു.

(പി.ആർ. ശബരി–155)

## ശബരിമല നാളത്തെ (11.12.19) ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05ന് നിർമ്മാല്യ ദർശനം
3.10 അഭിഷേകം
3.20 നെയ്യഭിഷേകം
3.30 ഗണപതിഹോമം
3.20 മുതൽ ഉച്ചക്ക് 11.15 വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
11.50 ന് കലശാഭിഷേകം

12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
തുടർന്ന് 1 മണിക്ക് നട അടയ്ക്കും.
4 മണി നട തുറക്കൽ
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.